# കേരള സർവകലാശാല

നം. പി.ആർ.069/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എഡ് ടൈംടേബിൾ

ഏപ്രിൽ 16-ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷയുടെ (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എസ്.എൽ.പി ഫലം

2017 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം & പഴയ സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ ഏഴ് വരെ അപേക്ഷിക്കാം.

## അസൈൻമെന്റ്/കേസ് അനാലിസിസ് സമർപ്പിക്കണം

വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ഒന്നാം സെമസ്റ്റർ ബി.എ/ ബി.എസ്സി/ ബി.കോം/ ബി.സി.എ അസൈൻമെന്റ്/ കേസ് അനാലിസിസ് എന്നിവ ഓരോ കോഴ്സിന്റേയും (ഇംഗ്ലീഷ്, അഡീഷണൽ ലാംഗ്വേജ്, ഫൗണ്ടേഷൻ, കോർ, കോംപ്ലിമെന്ററി 1 & 2) കോർഡിനേറ്റർമാരെ ഏപ്രിൽ 12, 13 ദിവസങ്ങളിൽ നേരിട്ടോ തപാൽ മുഖേനയോ ഏൽപിക്കണം. വിശദവിവരങ്ങൾക്ക് ideku.net സന്ദർശിക്കുക.

## യു.ജി സമ്പർക്ക ക്ലാസുകൾ

വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന യു.ജി & പി.ജി സമ്പർക്ക ക്ലാസ്സുകൾ ഏപ്രിൽ ഒന്നിന് ഉണ്ടായിരിക്കുന്നതല്ല. വിവിധ സെന്ററുകളിലെ രണ്ടാം സെമസ്റ്റർ യു.ജി സമ്പർക്ക ക്ലാസ്സുകൾ ideku.net ലെ ഷെഡ്യൂൾ അനുസരിച്ച് നടക്കും.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

2016 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെ ഉത്തരകടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡികാർഡും ഹാൾടിക്കറ്റുമായി മാർച്ച് 27 മുതൽ ഏപ്രിൽ അഞ്ച് വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ ഹാജരാകണം.

## സമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നു

കാര്യവട്ടം ക്യാമ്പസിൽ മധ്യ വേനൽ അവധിക്കാലത്ത് സ്കൂൾ വിദ്യാർത്ഥികൾക്കായി കേരള യൂണിവേഴ്സിറ്റി ക്യാമ്പസ് അസോസിയേഷൻ സമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ രണ്ടിന് ആരംഭിച്ച് മെയ് 25-ന് അവസാനിക്കുന്ന ക്യാമ്പിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കുട്ടികളുടെ മാനസിക വൈജ്ഞാനിക ഉന്നമനം ലക്ഷ്യമാക്കിയുള്ള ക്ലാസുകൾ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ വൈകിട്ട് നാല് വരെയാണ്. ഫീസ് 4000/- രൂപ. വിശദവിവരങ്ങൾക്കും അഡ്മിഷനും ഫോൺ: 7558079312, 9846830314.

## ബി.ടെക് ഫലം

2017 മെയിൽ നടന്ന ആറാം സെമസ്റ്റർ ബി.ടെക് പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ് 2013 സ്കീം - റഗുലർ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

2017 ജൂണിൽ നടന്ന ആറാം സെമസ്റ്റർ ബി.ടെക് റഗുലർ (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപ രിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി അപേക്ഷി ക്കേണ്ട അവസാനതീയതി ഏപ്രിൽ 19. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭി ക്കും.

## ബി.എസ്.ഡബ്ല്യൂ ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി. എസ്.എസ് ബി.എസ്.ഡബ്ല്യൂ (315) (2014 അഡ്മിഷൻ - സപ്ലിമെന്ററി & 2015 അഡ്മിഷൻ - റഗുലർ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എം.എസ് ടൈംടേബിൾ

ഏപ്രിൽ അഞ്ചിന് ആരംഭിക്കുന്ന രണ്ടാംവർഷ പ്രൊഫഷണൽ ബി.എ.എം. എസ് പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ അതത് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്ത പുരം ഗവ. ആയുർവേദ കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകണം.

## എം.ബി.എൽ ഫലം

2017 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. . സൂക്ഷ്മപരിശോധ നയ്ക്ക് അപേക്ഷിക്കേണ്ട അവസാനതീയതി ഏപ്രിൽ 12.



തിരുവനന്തപുരം.
26.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098